പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 284** — **26-09-11 ൽ മറുപടി നൽകേണ്ടിയിരുന്നത്**

ചെക്ക് പോസ്റ്റുകൾ വഴിയുള്ള വരുമാനം

ചോദ്യം:

ശ്രീ.എം.ഹംസ

ഉത്തരം:

ശ്രീ.കെ.എം.മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

| ചോദ്യം | നൽകിയ മറുപടി | പൂർണ്ണമായ മറുപടി |
|---|---|---|
| (എ) 01-06-10 മുതൽ 15-09-10 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകൾ വഴിയുള്ള വരുമാനം എത്രയായിരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടെങ്കിൽ ആയത് വെളിപ്പെടുത്താമോ; | വിവരം ശേഖരിച്ചു നൽകുന്നതാണ്. | (എ) 01-06-2010 മുതൽ 15-09-2010 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകൾ വഴിയുള്ള വരുമാനം 6598.48 ലക്ഷം രൂപ ആയിരുന്നു. |
| (ബി) 01-06-2011 മുതൽ 15-09-2011 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകൾ വഴിയുള്ള വരുമാനം എത്രയാണ്; മുൻവർഷത്തെ ഈ കാലയളവിലെ വരുമാനത്തെ അപേക്ഷിച്ചു കുറവാണോ; എങ്കിൽ കുറവെത്ര; ആയതിന്റെ കാരണം വ്യക്തമാക്കുമോ; കൂടുതലാണെങ്കിൽ എത്ര കൂടുതൽ; വിശദാംശം ലഭ്യമാക്കുമോ; | " | (ബി) 01-06-2011 മുതൽ 15-09-2011 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകൾ വഴിയുള്ള വരുമാനം 1262.88 ലക്ഷം രൂപ ആയിരുന്നു. ഇത് മുൻ വർഷത്തെ ഈ കാലയളവിലെവരുമാനത്തെ അപേക്ഷിച്ച് കുറവാണ്. കുറവ് 5335.60 ലക്ഷം രൂപ ആണ്. 2011-12 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് ടാക്സ് ഓൺലൈൻ പേയ്മെന്റ് ആക്കിയതിനാൽ ആ വരുമാനം ചെക്ക് പോസ്റ്റിൽ ലഭിക്കുന്നില്ല. ഇതിനാലാണ് മേൽപറഞ്ഞ കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് വരുമാനം കുറയാൻ കാരണം. |
| (സി) 01-06-2010 മുതൽ 15-09-2010 വരെ വാളയാർ ചെക്ക് പോസ്റ്റ് വഴിയുള്ള വരുമാനം എത്രയായിരുന്നു; | " | (സി) 01-06-2010 മുതൽ 15-09-2010 വരെ വാളയാർ ചെക്ക്പോസ്റ്റ് വഴിയുള്ള വരുമാനം 1511.17 ലക്ഷം രൂപ ആയിരുന്നു. |

| | | | | |
|---|---|---|---|---|
| (ഡി) | 01-06-2011 മുതൽ 15-09-2011 വരെ വാളയാർ ചെക്ക് പോസ്റ്റ് വഴിയുള്ള വരുമാനം എത്രയാണ്; | " | (ഡി) | 01-06-2011 മുതൽ 15-09-2011 വരെ വാളയാർ ചെക്ക് പോസ്റ്റ് വഴിയുള്ള വരുമാനം 359.36 ലക്ഷം രൂപയാണ്. |
| (ഇ) | പ്രസ്തുത കാലയളവിലെ വരുമാനത്തിൽ കുറവു വരുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ? | " | (ഇ) | ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ അഡ്വാൻസ് ടാക്സ് കളക്ഷൻ അതാത് ഓഫീസുകളിലാണ് സ്വീകരിക്കുന്നത്. മുൻവർഷങ്ങളിൽ ഇത് ചെക്ക് പോസ്റ്റുകളിലാണ് പിരിച്ചിരുന്നത്. അതുകൊണ്ട് ഈ ഇനത്തിൽ ചെക്ക് പോസ്റ്റുകളിൽ കളക്ഷൻ ഇല്ലാത്തതുകൊണ്ടാണ് പ്രസ്തുത കാലയളവിൽ വരുമാനത്തിൽ കുറവ് വന്നത്. |

സെക്ഷൻ ഓഫീസർ